മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 12

# വാർത്താക്കുറിപ്പ്

---

## ഫാക്കൽറ്റി ഡെവലപ്‌മെന്റ് പ്രോഗ്രാം; 15 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും അധ്യാപകർക്കായ സംഘടിപ്പിക്കുന്ന ഫാക്കൽറ്റി ഡെവലപ്‌മെന്റ് പ്രോഗ്രാം ഒക്ടോബർ 17 മുതൽ 22 വരെ നടക്കും. സെപ്റ്റംബർ 26 മുതൽ നടത്താനിരുന്ന പരിപാടി മാറ്റിവയ്ക്കുകയായിരുന്നു.

പങ്കെടുക്കാൻ താൽപര്യമുള്ള അധ്യാപകർക്ക് ഒക്ടോബർ 15 വരെ അപേക്ഷ നൽകാം. അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) ഫോൺ: 0481 2731013, 8921209794.

(പി.ആർ.ഒ./39/1447/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ റിസർച്ച് അസോസിയേറ്റ് (2), റിസർച്ച് ഫെല്ലോ (2), ടെക്നിക്കൽ അസിസ്റ്റന്റ് (1) തസ്തികകളിൽ ആറുമാസത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഒക്ടോബർ 15 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1448/2022)

## വാക്-ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഹോസ്റ്റലുകളിലേക്ക് കുക്ക്, സഹായി ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനത്തിനുള്ള വാക്-ഇൻ ഇന്റർവ്യൂ ഒക്ടോബർ 17ന് രാവിലെ 11.30ന് നടക്കും.

താല്പര്യമുള്ളവർ പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷനറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എ.ഡി.എ. 3 സെക്ഷനിൽ 17ന് രാവിലെ 10.30ന് എത്തണം.

വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1449/2022)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നവംബർ 18 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.പി.ഇ.എസ്(2019 അഡ്മിഷൻ റഗുലർ / 2018, 2017, 2016 അഡ്മിഷൻ സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ എട്ടു വരെയും പിഴയോടു കൂടി നവംബർ ഒൻപതിനും സൂപ്പർഫൈനോടു കൂടി നവംബർ പത്തിനും അപേക്ഷ നൽകാം.

.........................

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ് ഒന്ന്,അഞ്ച് സെമസ്റ്റർ പരീക്ഷകൾക്ക് (2017, 2016 അഡ്മിഷൻ സപ്ലിമെന്ററി) പിഴ കൂടാതെ ഒക്ടോബർ 27 വരെയും പിഴയോടു കൂടി 28 നും സൂപ്പർഫൈനോടു കൂടി 29 നും അപേക്ഷ നൽകാം. വീണ്ടും എഴുതുന്ന വിദ്യാർഥികൾ പരീക്ഷാഫീസിനു പുറമെ ഒരു പേപ്പറിന് 40 രൂപ നിരക്കിൽ (പരമാവധി 240 രൂപ) സി.വി. ക്യാമ്പ് ഫീസായി അടയ്ക്കണം.

(പി.ആർ.ഒ./39/1450/2022)

## സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷ

മൂന്നാം സെമസ്റ്റർ എം.പി.ഇ. (എം.പി.ഇ./ എം.പി.എഡ് 2009 മുതൽ 2012 വരെയുള്ള അഡ്മിഷൻ) സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 26 വരെയും പിഴയോടു കൂടി ഒക്ടോബർ 27നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 28നും അപേക്ഷ സമർപ്പിക്കാം. ഫീസ് epay.mgu.ac.in ലിങ്ക് വഴി അടയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1451/2022)

## ടൈം ടേബിൾ പരിഷ്ക്കരിച്ചു

ആഗസ്റ്റ് 24 ന് ആരംഭിച്ച അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എ. / എം.എസ്.സി. / എം.കോം. / എം.എ.ജെ.എം.സി. / എം.എസ്.ഡബ്ല്യു. / എം.എം.എച്ച്. / എം.ടി.എ. / എം.ടി.ടി.എം. (സി.എസ്.എസ്, 2020 അഡ്മിഷൻ റഗുലർ / 2019 അഡ്മിഷൻ സപ്ലിമെന്ററി) ഓഗസ്റ്റ് 2022 ബിരുദ പരീക്ഷയോടൊപ്പം കൂടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി ടൈം ടേബിൾ പരിഷ്ക്കരിച്ചു.

(പി.ആർ.ഒ./39/1452/2022)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളായ എം.എസ്.സി. ബേസിക് സയൻസ് - സ്റ്റാറ്റിസ്റ്റിക്സ് / എം.എസ്.സി ബേസിക് സയൻസ് - കെമിസ്ട്രി / എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് / എം.എ. ഇംഗ്ലീഷ് (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ പരീക്ഷകൾ(നവംബർ 2022) നവംബർ 16 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1453/2022)

## പ്രാക്ടിക്കൽ

ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി / ടൂറിസം ആൻഡ് ഹോസ്പിറ്റാലി മാനേജ്മെൻറ് / ടൂറിസം അഡ്മിനിസ്ട്രേഷൻ ആൻഡ് ഹോസ്പിറ്റാലിറ്റി (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 18 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1454/2022)

## പരീക്ഷാ ഫലം

ഈ വർഷം ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. അനിമേഷൻ, എം.എ. സിനിമ ആൻഡ് ടെലിവിഷൻ, എം.എ. ഗ്രാഫിക് ഡിസൈൻ, എം.എ. മൾട്ടിമീഡിയ (സി.എസ്.എസ്, റഗുലറും സപ്ലിമെൻ്ററിയും) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..................................

മെയ് മാസത്തിൽ നടന്ന മൂന്നാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2008 മുതൽ 2014 വരെ അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് സഹിതം ഒക്ടോബർ 27 നകം പരീക്ഷാ കൺട്രോളറുട കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

...........................

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഡാറ്റാ അനലിറ്റിക്സ് (2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം ഒക്ടോബർ 27 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1455/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**